പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ . 1872

22.03.2012-ൽ മറുപടിയ്ക്ക്

# മത്സ്യത്തൊഴിലാളികളുടെ സുരക്ഷ

**ചോദ്യം** **മറുപടി**

| | | | |
|---|---|---|---|
| | ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിന് അത്യാധുനിക സംവിധാനങ്ങൾ പ്രയോജനപ്പെടുത്തുന്നകാര്യം പരിഗണനയിലുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും തീരുമാനങ്ങൾ കൈകൊള്ളുകയുണ്ടായോ; വ്യക്തമാക്കാമോ? | (ബി) | മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 05.03.12-ൽ ഒരു ഉന്നതതലയോഗം വിളിച്ചുചേർക്കുകയുണ്ടായി. ടി യോഗത്തിൽ മന്ത്രിമാരും, ചീഫ് സെക്രട്ടറിമാരും ഡയറക്ടർമാരും, ഉന്നതഉദ്യോഗസ്ഥരും കോസ്റ്റ്ഗാർഡ്, നേവി, കേന്ദ്രഷിപ്പിംഗ് മന്ത്രാലയം എന്നിവിടങ്ങളിലെ ഉദ്യോഗസ്ഥരും പങ്കെടുത്തു. യോഗത്തിൽ ചുവടെ ചേർക്കുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.<br>60 നോട്ടിക്കൽ മൈലിനപ്പുറത്തുകൂടി മാത്രമേ കപ്പലുകൾ സഞ്ചരിക്കാൻ പാടുള്ളു എന്ന നിർദ്ദേശം നൽകാൻ കഴിയുമോയെന്നകാര്യം പരിശോധിക്കാൻ ഷിപ്പിംഗ് ഡെപ്യൂട്ടി ഡയറക്ടർ ജനറലിനെ യോഗത്തിൽ ചുമതലപ്പെടുത്തി. കൂടാതെ കടലിൽ കപ്പലുകൾ പാലിക്കേണ്ട നിയമങ്ങൾ പാലിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്താൻ കോസ്റ്റ് ഗാർഡിനെ ചുമതലപ്പെടുത്തി. കേരള തീരം അപകടരഹിതമേഖലയാണെന്ന് കപ്പലുകളെ അറിയിക്കാൻ നിർദ്ദേശിച്ചു. കൊച്ചിയിൽ മത്സ്യത്തൊഴിലാളി സുരക്ഷാ മോണിറ്ററിംഗ് സെൽ രൂപീകരിക്കാൻ തീരുമാനിച്ചു. കടലിൽ മൊബൈൽ ഫോൺ നെറ്റ് വർക്കിന്റെ പരിധി ഉയർത്താൻ ശ്രമിക്കും. ബോട്ടുകൾക്കും വള്ളങ്ങൾക്കും അവയുടെ സഞ്ചാരദൂരം കണക്കാക്കി ആശയവിനിമയ സംവിധാനമൊരുക്കാൻ കേന്ദ്ര സഹായത്തോടെ പദ്ധതി ആവിഷ്കരിക്കും. |

സെക്ഷൻ ഓഫീസർ